കൊറേ കാടുകളിൽ നിന്നു പ്രസിദ്ധീകരിക്കുന്ന ഏക വനപത്രം

01
ജനുവരി
2018

ജംഗിൾ ന്യൂസ്

ജംഗിൾ ന്യൂസ് പത്രത്തിലേക്ക് കുട്ടുകാരുടെ
രസകരമായ വാർത്തകൾ ക്ഷണിക്കുന്നു..
പേര്, ക്ലാസ്, സ്കൂൾ എന്നിവ ചേർക്കാൻ മറക്കരുത്.
വാർത്തകൾ വാട്സാപ് ചെയ്യുക:
8281572448

JUNGLE NEWS DAILY, PUBLISHED FROM THIRUVANAM PURAM, KOZHIKOOD, ERUMAKULAM, MAYILPURAM, PATTIKKAD, KAKKANCHERY

കടക്കൂ പുറത്ത്

മാധ്യമങ്ങളോട് മുഖ്യമന്ത്രി

കാടുപുരം: 'കടക്കൂ പുറത്ത്, നികൃഷ്ട ജീവികളല്ലേ നിങ്ങൾ' എന്ന് മാധ്യമപ്രവർത്തകരോട് ആക്രോശിച്ച് മുഖ്യമന്ത്രി ചടയൻ സിംഹം. 'നിങ്ങളൊന്നും ശരിയല്ല, ഏത് നേരവും പിന്നാലെ വന്ന് ഞങ്ങളെ എന്തിന് എടങ്ങേറാക്കുന്നു. സ്വസ്ഥമായി ഒന്നുറങ്ങാൻ സമ്മതിക്കുമോ നിങ്ങൾ.

ഇന്നാളൊരിക്കൽ ഞാൻ ഗുഹയിൽ കിടന്നുറങ്ങുമ്പോഴുണ്ട് ജനലിലൂടെ കുറേ മൈക്കുകൾ വരുന്നു. ഓട്ടപ്പന്തയ വിവാദത്തെ പറ്റി എന്റെ അഭിപ്രായം അറിയണം പോലും. പാതിരാത്രിക്കേയ്.. അന്തസ്സ് വേണമെടോ അന്തസ്സ് എന്ന് പറഞ്ഞ് അന്ന് മെല്ലെ ഒഴിഞ്ഞു മാറുകയായിരുന്നു. പിന്നെ എത്ര നേരം കഴിഞ്ഞാണെന്നോ എനിക്ക് ഉറക്കം വന്നത്.

ചടയൻ

എന്റെ നഷ്ടപ്പെട്ട ഉറക്കങ്ങൾ ആര് തിരിച്ചു തരും. നിങ്ങൾക്ക് മൈക്കയും എടുത്ത് എന്നെ പിന്നിൽ നിന്ന് കുത്തിക്കളിക്കാൻ ഞാനെന്താ ചെണ്ടയോ. കളി എന്നോട് വേണ്ട. ചോരച്ചാലുകൾ നീന്തി വന്നോനാ ഞാൻ'.. മുഖ്യമന്ത്രി വികാര വിക്ഷുബ്ധനായി പറഞ്ഞു.

നികൃഷ്ടജീവിയെന്ന് കണ്ണാടിയിൽ നോക്കി വിളിച്ചാൽ മതി

ക്രൂരമംഗലം: മുഖ്യമന്ത്രിയുടെ മാധ്യമ പ്രവർത്തകർക്ക് നേരെയുള്ള ആക്രോശം ഒരിക്കലും അംഗീകരിക്കാൻ പറ്റാത്തതെന്ന് പ്രമുഖ മാധ്യമപ്രവർത്തകൻ മിന്നൽ കുറുക്കൻ. നികൃഷ്ട ജീവിയെന്നൊക്കെ സ്വയമങ്ങ് കണ്ണാടിയിൽ നോക്കി വിളിച്ചാൽ മതി. ഭരണാധികാരികൾ നടത്തുന്ന കൊള്ളരുതായ്മകൾ മൃഗജനമധ്യത്തിൽ കൊണ്ടുവരുന്നത് കണ്ട് ഭ്രാന്തിളകിയതാണ് മുഖ്യമന്ത്രിക്ക്.

മാധ്യമ പ്രവർത്തകർ ഉറങ്ങാൻ സമ്മതിക്കുന്നില്ല പോലും. ഗൈൻ പൈപ്പ് വഴി കാട്ടിലെ വെള്ളം മൊത്തം സ്വകാര്യ കമ്പനികൾക്ക് വിറ്റു തുലക്കുന്ന മുഖ്യന് ഇനി വരുന്നത് ഉറക്കമില്ലാ ദിനങ്ങളാകുമെന്നും മിന്നൽ കുറുക്കൻ പറഞ്ഞു.

മുഖ്യമന്ത്രിക്കിതാ ഉറക്കഗുളിക

വവ്വാൽ ചോല: മാധ്യമ പ്രവർത്തകർ മൂലം ഉറങ്ങാൻ പറ്റുന്നില്ല എന്ന് പറഞ്ഞ മുഖ്യമന്ത്രിക്ക് ഉറക്കഗുളികകൾ അയച്ച് കൊടുത്ത് മാധ്യമ പ്രവർത്തകരുടെ പ്രതിഷേധം.

കണാരൻ കാക്ക

മുഖ്യമന്ത്രിക്ക് ഉറങ്ങാൻ ഇനി പഞ്ഞിയുടെ മെത്ത കൂടി ഞങ്ങൾ വാങ്ങി നൽകുന്നുണ്ട്. ഉറങ്ങാനാണല്ലോ അങ്ങേരെ മൃഗങ്ങളെല്ലാം മുഖ്യനായി തിരഞ്ഞെടുത്തത്. ഇരട്ടച്ചങ്കുണ്ടായിട്ട് കാര്യമില്ല, വേണ്ടത് ഒരൊറ്റ ഹാർട്ടാണെന്നും പത്രപ്രവർത്തക യൂണിയൻ പ്രസിഡന്റ് കണാരൻ കാക്ക പറഞ്ഞു.

വല കരണ്ട് മാനിനെ രക്ഷിച്ച ചുപ്പനെലിക്ക് ആദരം

മാനന്തവാടി: മനുഷ്യർ മൃഗങ്ങളെ പിടിക്കാനായി വെച്ച വലയിൽ വീണ സുകന്യ മാനിനെ അതി സാഹസികമായി രക്ഷിച്ച ചുപ്പനെലിക്ക് കാടിന്റെ ആദരം. എല്ലാ മൃഗങ്ങൾക്കും ഈ ത്യാഗ സന്നദ്ധത മാതൃകയാണെന്ന് ആദരവ് പരിപാടി സംഘടിപ്പിക്കുന്ന സ്നേഹ സൗഹൃദ വേദി പ്രസിഡന്റ് സുപ്രൻ കുറുക്കൻ പറഞ്ഞു.

ചുപ്പനെലി

'പുള്ളിക്കാരൻ സ്റ്റാറാ' എന്ന സിനിമ കണ്ട് 'ടപ്പ് ടപ്പ് മിഠായി' എന്ന പാട്ടും പാടി വരും വഴിയായിരുന്നു സുകന്യ മാൻ കെണിയിൽ വീണത്. തക്ക സമയത്താണ് ചുപ്പനെലി വന്നത്. പുള്ളിക്കാരനല്ല, ചുപ്പനെലിയാണ് സ്റ്റാർ എന്ന് സുകന്യ പറഞ്ഞു. ആദരവ് ചടങ്ങിൽ മുഖ്യമന്ത്രി ചടയൻ സിംഹം പങ്കെടുക്കും.

'മങ്കമതി' സിനിമക്ക് വിലക്ക്

വെള്ളരിക്കാ പട്ടണം: 150 കോടിയിലേറെ ചെലവഴിച്ച് നിർമിച്ച ആന മഹേഷ് സംവിധാനം ചെയ്യുന്ന ചിത്രം മങ്കമതിക്ക് മൂന്ന് കാടുകളിൽ പ്രദർശനാനുമതി ഇല്ല. തങ്ങളുടെ വർഗത്തെ അധിക്ഷേപിക്കുന്നു എന്നും പറഞ്ഞ് വാനര സേന കൊടുത്ത പരാതിയിൻമേലാണ് നടപടി.

പണ്ട് മങ്കമതി എന്ന കുരങ്ങ് ആശാരിമാരുടെ തടിക്കഷ്ണത്തിലെ ആപ്പ് വലിച്ചൂരി അതിൽ കുടുങ്ങി വാല് മുറിഞ്ഞ ഒരു കഥ ഐതിഹ്യത്തിലുണ്ട്. അതേപ്പറ്റിയാണ് സിനിമ.

വാല് വകവെക്കാതെ ധൈര്യസമേതം ആപ്പ് എടുത്ത് മാറ്റിയ ത്യാഗിയായാണ് മങ്കമതിയെ വാനര സേന കൊണ്ടാടുന്നത്. അത് മങ്കമതിക്ക് പറ്റിയ

വിഡ്ഢിത്വമാണ് എന്ന രീതിയിലാണോ സിനിമ ചിത്രീകരിച്ചത് എന്ന സംശയമുയർത്തിയാണ് വാനരസേന പ്രക്ഷോഭങ്ങൾ സംഘടിപ്പിക്കുന്നത്. മങ്കമതിയായി അഭിനയിക്കുന്ന ദീപികാ മങ്കയുടെ വാല് മുറിക്കും എന്നും വാനര സേന പ്രഖ്യാപിച്ചിട്ടുണ്ട്.